[Hon'ble Mr. A. Thanu Pillai]

പ്രത്യേകം വ്യവസ്ഥ ചെയ്യണമോ എന്ന് നല്ലവണ്ണം പരിശോധിച്ച തീരുമാനിക്കേണ്ടിയിരിക്കുന്നു. വേണ്ടിവന്നാൽ അതു ചെയ്യുന്നതിനു യാതൊരു വിഷമവുമില്ല. സെനറ്റിലേക്കു മൂന്നു മെമ്പന്മാരെയാണോ അതോ അഞ്ചുപേരെയാണോ തെരഞ്ഞെടുക്കേണ്ടതെന്ന കാര്യവും ആലോചിക്കണം. മഹാരാജാവുതിരുമനസ്സാണ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ തിരുമനസ്സുകൊണ്ട് ഇപ്പോൾ ഇവിടെ ഇല്ല. പുറത്തെഴുന്നള്ളിയിരിക്കുകയാണു. നിയമപ്രകാരം അതും ഒരു തടസ്സമായി വന്നിരിക്കുന്നു. ഇങ്ങനെയുള്ള ഈ വിപരീതസ്ഥിതി നോക്കിയാൽ ഇതിനെപ്പറ്റി വേണ്ടവണ്ണം ആലോചിച്ചു അടുത്ത സമ്മേളനത്തിനുമുമ്പ് തീരുമാനം ചെയ്യാവുന്നതാണ്. ഈ വിഷയത്തിൽ യൂണിവേഴ്സിറ്റിയുമായി ഒരു മത്സരത്തിനു ഇടകൊടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ സംഗതി മാറ്റിവയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

MR. A. ATCHUTHAN (*Karthigapally II—General*) : ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് അടുത്ത സമ്മേളനത്തിലേക്കു മാറ്റിവയ്ക്കണമെന്നുള്ള അഭിപ്രായത്തോട് ആരക്കും എതിരില്ലെന്നു കാണുന്നതിനാൽ അടുത്ത സമ്മേളനത്തിലേക്ക് മാറ്റിയിരിക്കുന്നു.

അടുത്തതു ലെജിസ്ലേറ്റീവ് ബിസിനസ്സ് ആണ്.

The Deputy President occupied the Chair at this time.

LEGISLATIVE BUSINESS.

THE TRAVANCORE PREVENTION OF ADULTERATION BILL.

HON'BLE MR. C. KESAVAN: I beg to introduce the Travancore Prevention of Adulteration Bill and move that the Bill may be referred to a Select Committee. The personnel of the committee will be announced later. This is an enlargement of the Act that is existing now. The existing Act is not comprehensive enough to include other substances than articles of food. It concerns only with food adulteration.

The Travancore Food Adulteration Act of 1106, Act IVof 1106 restricted to the prevention of adulteration of articles of food alone and any prohibition of adulteration of other articles could not therefore be enforced under that Act. It is considered desirable to take power to prohibit the admixture of substances which are not them-

LIBRARY ARCHIVES Kerala Legislative Assembly

selves injurious to health. Government also consider it necessary to undertake legislation to deal with adulteration of all articles and not merely of articles of food. This object cannot be achieved by an amendment of the existing Act. It is therefore proposed to enact a more comprehensive measure dealing with adulteration of articles generally. The object is sought to be achieved by the application of the provisions of the act as and when necessary to such articles as may be notified by the Government. Hence the Bill.

Local bodies are empowered to take action under the Bill, but provision has also been made for action to be taken by Government in cases of failure of such bodies, and also in cases where action in respect of any specific article is considered necessary. The Bill also contains provisions for the inspection and control of the operations of the local authorities by the Director of Public Health or any other officer appointed by the Government.

ആഹാരസാധനങ്ങൾക്കു മായം ചേർക്കുന്നതിനെ തടയുന്ന ഈ ബിൽ സഭയുടെ മുമ്പാകെ ഹാജരാക്കുകയും, സഭയുടെ അംഗീകാരത്തിനു ശേഷം താഴെ പറയുന്ന പേരുകാർ അടങ്ങിയ ഒരു സെലക്ട് കമ്മിറ്റിക്കു വിട്ടുകൊടുക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. ഈ ബിൽ തിരുവിതാംകൂറിലെ "ആഹാരസാധനങ്ങൾക്കു മായം ചേർക്കൽ ലാക്ട്" അതായത് ഫുഡ് അഡൽട്ടറേഷൻ ആക്ടിനെ കുറേക്കൂടി വിപുലമാക്കി കൊണ്ടുവന്നിട്ടുള്ളതാണ്. ആ ആക്ടിൽ ആഹാരസാധനങ്ങളിൽ മായം ചേർക്കുന്ന കാര്യം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇതുകൂടാതെ, സാധനങ്ങളിൽ വിഷമയമല്ലാത്ത മറ്റു മായം ചേർക്കലിനേയും തടയത്തക്കവിധത്തിൽ വിപുലപ്പെടുത്തിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ ആക്ടനുസരിച്ച് ഏതെല്ലാം സാധനങ്ങളെ സംബന്ധിച്ചാണ് നടപടികൾ എടുക്കേണ്ടതെന്നുള്ള വിവരം പരസ്യം ചെയ്യാൻ ഗവണ്മെൻറിനധികാരമുണ്ട്. പ്രാദേശികസമിതികൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകോടതികൾക്കും അതുപോലെ ഇനി ഉണ്ടാകാൻ പോകുന്ന മറ്റെല്ലാ സ്ഥാപനങ്ങൾക്കും തന്നെ ഇതു സംബന്ധിച്ച് നടപടികൾ എടുക്കുന്നതിനുള്ള അധികാരം നൽകുന്നതാണ്. അതോടൊപ്പം പ്രാദേശികസമിതികളേയും പഞ്ചായത്തുകളേയും പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിനേയും ഈ സംബന്ധിച്ചു പരിശോധന നടത്തുന്നതിനും അധികാരപ്പെടുത്തുന്നുണ്ട്. ഈ ബിൽ സഭ അംഗീകരിക്കുകയും സെലക്ട് കമ്മിറ്റിയിലേക്കു അയയ്ക്കുകയും ചെയ്യണമെന്നു അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. D. GNANASIGAMONI : Sir, on a point of information: Has the Hon'ble Minister the name of any article in view which this bill is intended to apply other than articles of food?

HON'BLE MR. C. KESAVAN : ഉടൻ. മരച്ചീനിപ്പൊടി ഇവിടെനിന്നും കയറ്റി അയച്ചുകൊണ്ടിരുന്നപ്പോൾ അതിൽ കുമ്മായപ്പൊടിയും വെള്ള മണലും കലർത്തി ആ വ്യവസായത്തേയും കച്ചവടത്തേയും അധഃപതിപ്പിച്ചതായി കേട്ടിട്ടുണ്ട്. അതുപോലെ തന്നെ മണൽ കൂട്ടിചേർത്തു കയറുണ്ടാക്കുന്നതുകൊണ്ട് കയർ വ്യവസായത്തിന് വലിയ ദോഷം വന്നിട്ടുണ്ട്. ഇതുകൂടാതെ ഇനിയും പല കാര്യങ്ങൾ ഉണ്ട്. ഏതായാലും ഇവയെല്ലാം ഒരു കിസറ തയ്യാറാക്കി അതനുസരിച്ച് വേണ്ട നടപടികൾ നടത്തുന്നതിന് ഈ ബിൽ ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

MR. SREE V. DAS : *கனம் மந்திரியவர்கள் மலையாளத்தில் பேசினது எங்களுக்குப் புரியவில்லை.*

MR. DEPUTY PRESIDENT : ബഹുമാനപ്പെട്ട മന്ത്രി ഇംഗ്ലീഷിൽ പറഞ്ഞാൽ കൊള്ളാം. ഇവിടെ ഇംഗ്ലീഷിൽ പറഞ്ഞാൽ മിക്കവാറും എല്ലാ തമിഴർക്കും മനസ്സിലാകും എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതുകൊണ്ട് ഇംഗ്ലീഷിൽ പറഞ്ഞാൽ മതിയാകും.

MR. MANNATHU PADMANABHA PILLAI. (*Pathanamthitta II General*) മലയാളത്തിൽ പറഞ്ഞെങ്കിലെ ഞങ്ങൾക്ക് മനസ്സിലാകയുള്ളൂ.

MR. P. S. NATARAJA PILLAI : Sir, a point of order. Rule 21 of the Standing Rules says that the business of the Assembly shall be transacted in Malayalam, Tamil or English. It is only "or" that is used. If Malayalam is used there is no necessity for a translation. If I prefer to talk in Tamil I am entitled to talk in that language only because the rule provides only that.

MR. DEPUTY PRESIDENT : അതേ ഉള്ളൂ. ആവശ്യമെന്നു കണ്ടാൽ പ്രസിഡൻറിന് മലയാളത്തിലൊ തമിഴിലൊ പറയാൻ ആവശ്യപ്പെടാം. ഈ ബില്ലിൻെറ പൊതുതത്വത്തെപ്പറ്റി ആർക്കെങ്കിലും അഭിപ്രായം പറയാനുണ്ടെങ്കിൽ പറയാം.

MR. VARGHESE AUGUSTIN (*Ambalapuzha III-General*) : സർ, ഈ രാജ്യത്തു പൊതുജനങ്ങൾക്ക് ഗുണകരമാം വണ്ണം കാര്യങ്ങൾ നടത്തുന്നതിന് ഈ സഭയുടെ മുമ്പാകെ പല ബില്ലുകളും ബഹുമാനപ്പെട്ട തൊഴിൽമന്ത്രി അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ അധികവും തൊഴിലാളികളെ സംബന്ധിച്ചുള്ളതായിരുന്നു. അക്കൂട്ടത്തിൽ പൊതുജനങ്ങളുടെ ആഹാരസാധനങ്ങളിൽ മായം ചേർക്കുന്നതിനെ നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു ബില്ലും ഈ സഭ അംഗീകരിക്കേണ്ടതു വളരെ

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യമാണ്. ആഹാരസാധനങ്ങളിൽ മായം ചേർക്കാതിരിക്കത്തക്ക വണ്ണം കർശനനടപടികൾ നടത്തേണ്ടതു് ഏറ്റവും അത്യാവശ്യമാകുന്നു. നാം നിത്യം ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പല സാധനങ്ങളിലും മായം ചേർക്കുകയും അതുപയോഗിക്കുവാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നുണ്ടു്. മനുഷ്യർക്കു് ഏറ്റവും അത്യാവശ്യമായ പാലിനെപ്പറ്റി തന്നെ എടുക്കാം കൃത്രിമ സാധനങ്ങൾ ചേർക്കാത്ത പാൽ പട്ടണങ്ങളിലൊ അല്ലാത്ത സ്ഥലങ്ങളിലൊ കിട്ടുകയില്ലെന്നായിരിക്കുന്നു. തേങ്ങാപ്പാലും പച്ച പാറുകിയണ്ടിയുടെ പരിപ്പും പാലിൽ ധാരാളമായി ചേർക്കുന്നുണ്ടു്. പാലിൽ വെള്ളം ചേർക്കുന്ന സംപ്രദായത്തെപ്പറ്റി പറയുകയേ വേണ്ട. ചിലപ്പോൾ പാലിനകത്തു് ചെറിയ മത്സ്യങ്ങൾകൂടി കണ്ടിട്ടുള്ളതായി കേട്ടിട്ടുണ്ടു്. ഉപയോഗിക്കുവാനുള്ള വെണ്ണനെയ്യിൽ കൃത്രിമസാധനങ്ങൾ ചില കമ്പനിക്കാർ തന്നെ നിർമ്മിച്ചുവിൽക്കുന്നതായി എനിക്കറിയാം. വെണ്ണയുടെ മണവും നിറവും തോന്നിക്കുന്ന കൃത്രിമ സാധനങ്ങളാണു് അതിലേക്കു കമ്പനിക്കാർ ഉണ്ടാക്കി വിൽക്കുന്നതു്. നാട്ടിൻപുറത്തു ചക്കരണ വിലയുള്ളപ്പോൾ വെണ്ണ പട്ടണങ്ങളിൽ എട്ടണായ്ക്കു വിറ്റു വരുന്നതിന്റെ രഹസ്യം അതിൽ ഇപ്പറഞ്ഞ കൃത്രിമ സാധനം ഉപയോഗിക്കുന്നു എന്നുള്ളതല്ലാതെ മറ്റൊന്നുമല്ല.

MR. P. T. CHACKO : ഏതു കമ്പനിയാണു് അതുണ്ടാക്കി വിൽക്കുന്നതെന്നു പറയാമോ?

MR. N. P. VARGHIS : കമ്പനിയുടെ പേരു് എനിക്കു് നിശ്ചയമില്ല. അന്വേഷിച്ചു് പിന്നീടു് വേണമെങ്കിൽ പറയാം. അതുപോലെ തന്നെ ഇവിടത്തെ വിപണികളിൽ പല സാധനങ്ങളിലും മായം ചേർത്തു് അമിതാദായത്തിനു വേണ്ടി വിൽക്കപ്പെടുന്നുണ്ടു്. അങ്ങിനെയിരിക്കെ എന്തിനേറെ. നമുക്കു് റേഷൻ തരുന്ന നെല്ലിൽ മണ്ണു് ചേർക്കുന്ന സംപ്രദായവും ഇതിൽപ്പെടുന്നതാണു്. നമുക്കു് കിട്ടിയിരുന്ന നെല്ലിൽ മിക്കവാറും മൂന്നിൽ ഒന്നു് മണ്ണായിരുന്നു.

MR. DEPUTY PRESIDENT : സഭ ഇപ്പോൾ ലഞ്ചിനായി പിരിയുന്നതും വീണ്ടും രണ്ടരമണിക്കു കൂടുന്നതും ആണു്.

The House rose at 12-30 P. M.

The House reassembled after lunch at 2-30 P. M. with the President presiding.

MR. VARGHESE AUGUSTIN : സർ, ഭക്ഷണസാധനങ്ങളിൽ ധാരാളം മായം ചേർത്തു് നമ്മുടെ രാജ്യത്തു വിറ്റുവരുന്നതിനെപ്പറ്റിയാണു് ഞാൻ പ്രസംഗിച്ചതു്. എനിക്കതിനെ അനുഭവപ്പെട്ട രണ്ടുമൂന്നു ഉദാഹരണങ്ങൾകൂടി പറയാമെന്നു വിചാരിക്കുന്നു. പഞ്ചസാരയിൽ

LIBRARY ARCHIVES Kerala Legislative Assembly

പൊടിമണൽ ചേർത്തു വിതരണം നടത്തിയതിനു ഗവണ്മെൻറു തന്നെ കർശന നടപടി എടുത്തിട്ടുണ്ട്. ആ സംഗതി എനിക്കും ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരിൽപലർക്കും അറിയാവുന്ന കാര്യമാണ്.

MR. P. M. VARGHESE(*Thodupuzha II-General*) : സർ, ഒരു ബഹുമാനപ്പെട്ട മെമ്പർ ഒരു ബില്ലോ ഒരു മോഷനോ അവതരിപ്പിക്കയും അതിനെ ആരെങ്കിലും പിൻതാങ്ങുകയും ചെയ്താൽ അതിനെപ്പറ്റി ഈ സഭയിൽ ഒരു പ്രസംഗത്തിന്റെ ആവശ്യം ഉണ്ടോ എന്നും അതു അനുവദനീയമാണോ എന്നും അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതിന്റെ പൊതു തത്വങ്ങളെപ്പറ്റി പറയാമെന്നു മാത്രം ഉണ്ട്.

MR. VARGHESE AUGUSTIN : സർ, അതുപോലെതന്നെ ഉഴുന്നു പയർ മുതലായവ കൊണ്ടുവരുമ്പോൾ തോട്ടപ്പള്ളി ഭാഗത്തെ ഉണ്ണമൺകട്ടകളും ചെറിയ കല്ലുകളും മറ്റും ചാക്കിൽ ചെലുത്തിയിട്ടു ഉഴുന്നും പയറും ചേർത്തി എടുത്തു തൂക്കം ശരിയാക്കുകയും മറ്റും ചെയ്യുന്നതു എത്ര അനാശാസ്യമായ ഒരു പ്രവൃത്തിയാണെന്നു ഈ സഭതന്നെ ഒന്ന് ആലോചിക്കേണ്ടതാണ്. ഈ ബില്ലിന്റെ ഉദ്ദേശം സാധിതപ്രായം ആകണമെങ്കിൽ ഗവണ്മെൻറു രണ്ടു സംഗതികൾ ശ്രദ്ധിക്കണം. ഭക്ഷണസാധനങ്ങൾക്കു ദൌർല്ലഭ്യം നേരിട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവയുടെ സമൃദ്ധമായ ഉൽപ്പാദനത്തിനു വേണ്ടി ഗവണ്മെൻറു കഴിവുള്ളതെല്ലാം ചെയ്യണം. ഈ രാജ്യത്തെ ഓരോ വ്യക്തിയുടേയും ആരോഗ്യത്തിനും വളർച്ചക്കും ആവശ്യമായ എല്ലാ സാധനങ്ങളും ഗവണ്മെൻറു നേരിട്ടു ഉല്പാദിപ്പിക്കുന്നതോടൊപ്പംതന്നെ പ്രൈവറ്റു ഏജൻസികളും അവയെ ഉല്പാദിപ്പിക്കുന്നതിനു ഗവണ്മെൻറു പ്രോത്സാഹനം നൽകണം. ഉദാഹരണമായി നമ്മുടെരാജ്യത്തു പശുക്കൾ ധാരാളമുണ്ടെങ്കിലുംകിട്ടുന്ന പാലിന്റെ അളവു വളരെ തുച്ഛവുമാണ്, പരിശുദ്ധവും അല്ല. നമ്മുടെ രാജ്യത്തുള്ള കന്നുകാലി വളർത്തലിനെ പോഷിപ്പിക്കത്തക്കവണ്ണമുള്ള പ്രോത്സാഹനം ഗവണ്മെൻറിൽനിന്നും ചെയ്തു കൊടുക്കേണ്ടതു അത്യാവശ്യമായ ഒരു കാര്യമാണ്. സർ, ഇന്നു നമുക്കുള്ളതു് ഒരു ജനകീയ ഗവണ്മെൻറാണു. എന്നാൽ പഴയ ഗവർണ്മെൻറിന്റെ മനഃസ്ഥിതിയാണ് ഭരിക്കുന്നവർക്കും ഭരിക്കപ്പെടുന്നവർക്കും ഉള്ളതു്. ഈ കൂട്ടരും ഈ മനഃസ്ഥിതിമാറണം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ പൊതു തത്വങ്ങളെപ്പറ്റി സംസാരിച്ചാൽ മതി.

MR. VARGHESE AUGUSTIN : സർ, ഈ ബിൽ നടപ്പിൽ വരുന്ന തോടുകൂടി ഒരു കാര്യം കൂടി സാധിക്കുമെന്ന എനിക്ക വിശ്വാസമുണ്ട്. അതായത് ഭക്ഷണസാധനം വിതരണം ചെയ്യുന്ന കാര്യത്തിൽ അനാശാസ്യ നടപടികൾ കൈക്കൊള്ളുന്ന ഉദ്യോഗസ്ഥന്മാരെക്കൂടി പ്രോസിക്യൂട്ട ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതാണ് എന്തുകൊണ്ടും സന്തോഷാവഹം തന്നെ. ഇതുകൂടി പ്രസ്താവിച്ചു കൊണ്ടു ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

MR. MOHAMMED MUSTAFA : സർ, ഫുഡ് അഡൽട്ടറേഷൻ ബില്ലിന്റെ പൊതു തത്വത്തോട് ഞാൻ ഹാർദ്ദവമായി അനുകൂലിക്കുന്നു. ഈ ബിൽ നടപ്പിൽ വരുത്തേണ്ടതു് ഏറ്റവും അത്യാവശ്യമായ ഒരു സംഗതിയാണു ഈ ബില്ലു കൊണ്ടു് ഉദ്ദേശിക്കുന്നതു് തിരുവിതാംകൂറിലുള്ള സാധുക്കളെ ചൂഷണം ചെയ്യുന്ന അനാശാസ്യ നടപടികളെ നിയന്ത്രിക്കുന്നതിനാണെന്നുള്ളതിനാൽ ഇതു തികച്ചും സ്വാഗതാർഹമാണു്. ഇതിനുമുൻപു ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലുകളിൽ ഭൂരിഭാഗവും, തൊഴിലാളികൾ തുടങ്ങിയ സാധുജനതാല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും സന്തോഷാവഹം തന്നെ. സർ, ആഹാരസാധനങ്ങളിൽ മായം ചേർത്തു വിതരണം ചെയ്യുന്നതിനെ മാത്രം നിയന്ത്രിക്കുന്ന ഒരു ബിൽ കൊണ്ടു മതിയാകുന്നില്ല. ആഹാരസാധനങ്ങളിലെന്ന പോലെ മറ്റു പല സാധനങ്ങളിലും കൂട്ടിച്ചേർത്തു വിൽക്കുന്നതിനെയും സമമായി നിയന്ത്രിക്കേണ്ടിയിരിക്കുന്നു. അതായതു, സിമൻറിൽ ചെളി ഉണക്കിപ്പൊടിച്ചു ചേർത്തു ബ്ലാക്കുമാർക്കറ്റിൽ വിറ്റുവരുന്നതായി എനിക്കറിയാം. ഇതു് എനിക്കു് അനുഭവമുള്ള ഒരു സംഗതിയാണു്. എന്നാൽ നമ്മുടെ കണ്ണിൽ ഇതുവരെയും പെട്ടിട്ടില്ലാത്ത എന്തെങ്കിലും മായക്കച്ചവടങ്ങൾ തിരുവിതാംകൂറിൽ നടക്കുന്നുണ്ടെന്നു് ഒന്നു അന്വേഷിച്ചാൽ മനസ്സിലാകുന്നതാണു്. ഉത്തമോഹികളും, ഉദാരമതികളുമായ ബ്ലാക്കുമാർക്കറ്റു കച്ചവടക്കാരിൽനിന്നും മൈനാട്ടിനും ഉണ്ടാകുന്ന ചൂഷണവൃത്തിയെ തടയുന്നതിനു പര്യാപ്തമായ നിയമങ്ങൾ സൃഷ്ടിച്ചു് നടപ്പിൽ വരുത്തുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്നതിൽ ഞാൻ ഈ ഗവർമ്മെൻറിനെ അഭിനന്ദിക്കയും അതോടൊപ്പം ബില്ലിനെ അനുകൂലിക്കയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഫുഡ് അഡൽട്ടറേഷൻ ബില്ലിന്റെ ഉദ്ദേശത്തോട് യോജിക്കുന്നു എങ്കിലും ഈ ബില്ലിനു മന്ത്രി അവർകൾ അവകാശപ്പെടുന്ന വ്യാപ്തിയുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇതു ഭക്ഷണസാധനങ്ങളിലും അതുപോലുള്ള സാധനങ്ങളിലും കലർപ്പു ചേർക്കുന്നതിനെ നിരോധിക്കുന്ന ഒരു ബില്ലാണു്. എന്നാൽ ഭക്ഷണസാധനങ്ങളിലെന്നപോലെ കലർപ്പു ചേർക്കുന്ന മറ്റെല്ലാ സാധനങ്ങളേയും സംബന്ധിച്ചു് നിയന്ത്രണം ചെയ്യുന്ന ഒരു ബില്ലായിരുന്നെങ്കിൽ ഇതു കുറേക്കൂടി സ്വാഗതാർഹമായിരുന്നേനെ. തിരുവിതാംകൂറിൽ മനുഷ്യർക്കു ഉപയോഗയോഗ്യമായ മിക്ക സാധനങ്ങളിലും ഇന്നു കലർപ്പു ചേർക്കുന്നുണ്ടു്. അതായതു തേങ്ങായിൽ വെടല കലർത്തുന്നു. സിമന്റിൽ ചെളിചേർക്കുന്നു, ഇങ്ങനെ തുടങ്ങി പല സാധനങ്ങളിലും കലർപ്പു ചേർക്കുന്നുണ്ടു്. നമ്മുടെ Genius തന്നെ Adulteration -ൽ ആണു. അതു തടയാതെ നമുക്കു വ്യവസായവാണിജ്യങ്ങളിൽ പുരോഗതിയുണ്ടാകയില്ല. ഇവയെല്ലാം നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളും ഈ ബില്ലിന്റെ പരിധിയിൽ പെട്ടിട്ടുണ്ടോ എന്നു് സംശയമാണു്. Director of Public Health നെയാണു് ഇതിൽ പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനായി വിചാരിക്കുന്നതു്. അതുപോലെതന്നെ ആഹാരസാധനത്തെപ്പറ്റി എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതു പരിശോധിക്കുന്നതു് ഒരു പബ്ലിക്ക അനലൈസർ ആണു്. അതിനെപ്പറ്റി ഇപ്രകാരം ഇവിടെ പറയുന്നു.

(3) The public Analyst on receiving such sample shall divide it into three parts of which one shall be used for analysis, another shall be retained by him in order to be returned with his certificate and the third shall be delivered to the vendor on demand Each part other than the part analysed, shall be marked and sealed or fastened by the Public Analyst in such manner as its nature permits.

(4) The Public Analyst shall also report to the local executive officer any instance in which the sample analysed is found to contravene the provisions of this Act.

എന്നാൽ ആഹാരസാധനങ്ങളെ സംബന്ധിച്ചിടത്തോളം പരിശോധിക്കുന്നതിനുള്ള അധികാരം കൊടുത്തിട്ടുള്ളതു് മുനിസിപ്പാലിറ്റിക്കും വില്ലേജ് യൂണിയനുമാണു്. എന്നാൽ മറ്റുസാധനങ്ങളെസംബന്ധിച്ചുള്ള അഡൽട്ടറേഷനെ കൂടി നിയന്ത്രിക്കാതിരിക്കുന്നതു് ജനങ്ങളോടു ചെയ്യുന്ന ഒരു വലിയ അപരാധമാണു്. കഴിഞ്ഞ നിയമസഭയിൽ അവ

LIBRARY ARCHIVES Kerala Legislative Assembly

തരിപ്പിച്ചു പാസാക്കിയ വെയർഹൗസ് ബില്ലിൽ അതിനുള്ള ചില വ്യവസ്ഥകളുണ്ട്. വെയർഹൗസ് മുഖേന നമ്മുടെ ഉൽപ്പാദനങ്ങളെ പരിശോധിക്കുന്നതിനുള്ള വ്യവസ്ഥ പരിമിതമാണ്. എന്നാൽ മായം ചേക്കലിനെ തടയുന്ന വിപുലമായ വ്യവസ്ഥകളോടു കൂടി ഒരു ബിൽ അവതരിപ്പിക്കേണ്ടതാവശ്യമാണ്.

MR. PRESIDENT : മി. സി. കേശവൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഫുഡ് അഡൽട്ടറേഷൻ ബിൽ ഈ നിയമസഭാ മെംബറന്മാർ അംഗീകരിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു..

MR. P. K. KRISHNAN SASTRI (*Meenachil II Pulaya Reserved*): ഒരു പായിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആറു ബില്ലുകൾ അവതരിപ്പിച്ചു. ഈ ബില്ലുകളിൽ മിക്കവയും തൊഴിലാളികളെ പ്രതിനിധീകരിക്കുന്നതാണെന്നു കാണുന്നു. പക്ഷെ അതിൽ കരഷകതൊഴിലാളികളെ സംബന്ധിച്ചു വേണ്ടത്ര പ്രാതിനിധ്യത്തിനു കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്.

MR. PRESIDENT : എല്ലാ തൊഴിലാളികളെയും ബാധിക്കുന്നുണ്ട്.

MR. P. K. KRISHNAN SASTRI : സർ, ഒരു പായിൻറ് ഓഫ് ഓർഡർ.

MR. PRESIDENT : പായിൻറ് ഓഫ് ഓർഡർ എന്നു വച്ചാൽ എന്താണെന്നു മനസ്സിലാക്കാതെ കൂടെക്കൂടെ പായിൻറ് ഓഫ് ഓർഡർ എന്നു വിളിക്കുന്നു.

മിസ്റ്റർ കേശവൻ അഡൽട്ടറേഷൻ ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ വായിക്കുന്നതാണു.

HON'BLE MR. C. KESAVAN : താഴെ പേരുപറയുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരെ തിരുവിതാംകൂർ അഡൽട്ടറേഷൻ ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗങ്ങളായി നാമനിർദ്ദേശം ചെയ്യണമെന്നു ഞാൻ ഈ സഭയോടു് അപേക്ഷിക്കുന്നു.

1. The Hon'ble, Mr. A. Thanu Pillai
2. The Hon'ble Mr. C. Kesavan.
3. Mr. Abdul Majeed.
4. Mr. Pandavathu Sankara Pillai.
5. Mr E. K. Madhavan.
6. Dr. M. O. Cheriyan.
7. Mr. Joseph Malieckal.
8. Mr. V. Devan.
9. Mr. K. P. Nilakanta Pillai.
10. Mr. R. K. Ram.

LIBRARY ARCHIVES Kerala Legislative Assembly

11. Mr. P. K. Krishnan Sastri
12. Mr. C. Narayanan.
13. Mr. Mohammed Mustafa.
14. Mr. Varghese Augustin.

MR. PRESIDENT : മി. കേശവൻ നാമനിർദ്ദേശം ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരെ സെലക്ട് കമ്മിറ്റി അംഗങ്ങളായി നിയമിക്കുന്നതിൽ ഈ സഭക്കു യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലെന്നു കണ്ടിരിക്കുന്നതിനാൽ ഗതു അനുവദിച്ചിരിക്കുന്നു. അതിന്റെ കോറം അഞ്ചായിരിക്കുമെന്നുള്ളതും കൂടി ഈ സഭ സമ്മതിക്കുന്നു എന്ന് വിശ്വസിക്കുന്നു.

THE TRAVANCORE CRIMINAL PROCEDURE CODE (AMENDMENT) BILL

അടുത്തതായി ക്രിമിനൽ പ്രൊസീഡിയർ കോഡ് ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനായി ഞാൻ മി. താണുപിള്ളയെ ക്ഷണിച്ചു കൊള്ളുന്നു.

HON'BLE. MR. A. THANU PILLAI : ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശം ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ചില ഭേദഗതികൾ വരുത്തുന്നതിലേക്കാണ്. അതായതു, യൂറോപ്യൻ ബ്രിട്ടിഷ് പ്രജകളെ കേസുകളിൽ വിസ്തരിക്കുന്നതു ചില പ്രത്യേക വ്യവസ്ഥയനുസരിച്ചായിരുന്നു. അവരെ വിസ്തരിക്കുന്നതും, അവരുടെ അപ്പീൽ കേൾക്കുന്നതും മറ്റും ഒരു സ്പെഷ്യൽ യൂറോപ്യൻ മജിസ്ട്രേട്ടാണ്. കഴിഞ്ഞ ആഗസ്റ്റ് ൧൫-ാംനു- മുതൽ രാഷ്ട്രീയമായി സ്ഥിതിഗതികൾ മാറിയിരിക്കുന്നതുകൊണ്ടു ഈ രീതി തുടർന്നുകൊണ്ടു പോകേണ്ട ആവശ്യമില്ലാത്തതിനാൽ, ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ചില ഭേദഗതികൾ വരുത്തേണ്ടതായിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സഭ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. R. ELANKATH : പ്രൈം മിനിസ്റ്റർ ഇവിടെ അവതരിപ്പിച്ച ബില്ലിനെ ശക്തിയായി പിൻതാങ്ങിക്കൊണ്ടു ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. ആഗസ്റ്റു ൧൫-ാംനു-ക്കു മുമ്പുതന്നെ ഈ നിയമം നടപ്പിൽ വരുത്താമായിരുന്നു. അതു, ഇതു ഒരു പ്രത്യേകാവകാശമെന്നുള്ള നിലയിൽ മാത്രമല്ല അങ്ങനെയുള്ള നടപടികൊണ്ടു വളരെ കേസുകൾക്കു കാലതാമസം നേരിടുന്നതുണ്ട്. അതിനാൽ അങ്ങനെയുള്ള വൈഷമ്യ

LIBRARY ARCHIVES Kerala Legislative Assembly